**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5545** **05-07-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണ്; | (എ) | പച്ചപ്പുല്ലിന്റെയും തീറ്റക്കുള്ള അസംസ്കൃത വസ്തുക്കളുടെയും ദൗർലഭ്യം, പുൽ കൃഷി ചെയ്യുന്നതിനുള്ള സ്ഥല ലഭ്യതക്കുറവ്, കൂടിയ ഉൽപാദന ചെലവ്, തൊഴിലാളികളുടെ കുറവ്, ഉയർന്ന കൂലി എന്നിവയാണ് കേരളത്തിലെ ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. |
| (ബി) | ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ? | (ബി) | ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ക്ഷീരവികസന വകുപ്പ് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നുണ്ട്. പശുക്കളെ വാങ്ങി ഡെയറി ഫാം സ്ഥാപിക്കുന്നതിനുള്ള 01, 02, 05, 10, 20 പശു യൂണിറ്റുകൾ, തീറ്റപ്പുൽകൃഷി ധനസഹായ പദ്ധതികൾ എന്നിവയ്ക്കു പുറമേ അതിദാരിദ്ര്യം അനുഭവിക്കുന്നവർ ജീവനോപാധിയായി ക്ഷീരവൃത്തി നടപ്പിലാക്കുന്നതിനുള്ള പദ്ധതി, യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനുള്ള "ക്ഷീരയുവ പദ്ധതി" തോട്ടം മേഖലയിലെ തൊഴിലാളി കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്ന "ക്ഷീരലയം പദ്ധതി", മത്സ്യ മേഖല-കയർ മേഖല എന്നിവിടങ്ങളിലെ തൊഴിലാളി കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്ന "ക്ഷീരതീരം പദ്ധതി", ക്ഷീരകർഷകർക്ക് അവരുടെ ഫാം ആധുനികവൽകരണത്തിനും നവീകരണത്തിനുമായി ലോൺ എടുത്ത തുകയുടെ പലിശ പൂർണ്ണമായും നൽകുന്ന പദ്ധതി, കാലിത്തൊഴുത്ത് നിർമ്മാണത്തിനും, കറവയന്ത്രം വാങ്ങുന്നതിനുമുള്ള ധനസഹായം, ഡെയറി ഫാമുകളുടെ ആധുനിക വൽകരണത്തിനും, യന്ത്ര വൽകരണത്തിനുമായി അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി തുടങ്ങിയവ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ